# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6121 — 07.11.2016 ൽ മറുപടിയ്ക്ക്

## "കൊയിലാണ്ടി മണ്ഡലത്തിലെ എതിർ പ്രാണി വളർത്ത് കേന്ദ്രം"

**ചോദ്യം**

ശ്രീ. കെ. ദാസൻ

(എ) കൊയിലാണ്ടി മണ്ഡലത്തിലെ തിക്കോടിയിൽ പ്രവർത്തിക്കുന്ന എതിർ പ്രാണി വളർത്ത് കേന്ദ്രത്തിന്റെ ഇന്നത്തെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീർണാവസ്ഥയിലായ ഈ ഓഫീസിന്റെ കെട്ടിടം പുനരുദ്ധരിക്കുന്നതിന് മുൻസർക്കാരിന്റെ കാലത്ത് നിവേദനം നൽകിയെങ്കിലും ഒരു നടപടിയും ഉണ്ടായില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) കർഷകർക്ക് ഏറെ സേവനങ്ങൾ നൽകുന്ന ഈ സ്ഥാപനത്തിന്റെ കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**ഉത്തരം**

ശ്രീ. വി.എസ്.സുനിൽ കുമാർ
(ബഹു.കൃഷി വകുപ്പ് മന്ത്രി)

(എ) യും (ബി) യും (സി) യും തിക്കോടിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എതിർപ്രാണി വളർത്തു കേന്ദ്രം പുനരുദ്ധരിക്കാൻ പറ്റാത്തവിധം ജീർണ്ണാവസ്ഥയിൽ ആയതിനാൽ ടി. സ്ഥാപനം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. എന്നാൽ, കോഴിക്കോട് വേങ്ങേരി മാർക്കറ്റിൽ കർഷക പരിശീലന കേന്ദ്രം കെട്ടിടത്തിന് മുകളിലായി പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് കെട്ടിടത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കഴിയുന്നത്ര വേഗത്തിൽ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങുന്നതാണ്.

സെക്ഷൻ ഓഫീസർ